## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 201 | 26/02/2018-ൽ മറുപടിക്ക്

### അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ജീവിതശൈലി രോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) | ഉണ്ട്. സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംങ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും, മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവത്ക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും, രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും മുൻകൂറായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു. |
| ബി) | 'അമൃതം ആരോഗ്യം' പദ്ധതിയുടെ വിശദാംശം നൽകുമോ; | ബി) | 2010-11 വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായിട്ടാണ് ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. 5 ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ ചുവട് പിടിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് 2012 ൽ "അമൃതം ആരോഗ്യം" എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്.<br>30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംങ് നടത്തുന്നതിനും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ "അമൃതം ആരോഗ്യം" ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. എ.പി.എൽ / |

| | | | |
|---|---|---|---|
| | | | ബി.പി.എൽ തരം തിരിവോ മറ്റു മാനദണ്ഡങ്ങളോ ഈ സേവനം ലഭിക്കുന്നതിന് ബാധകമല്ല. ഇതിനു പുറമേ ഓരോ പ്രത്യേക ജനവിഭാഗത്തിനും അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു. ഗുരുതരശ്വാസകോശ രോഗങ്ങൾ ഉള്ളവർക്ക് ശ്വാസ് (SWAAS) എന്ന പേരിൽ COPD Prevention Programme ജില്ലാ ആശുപത്രികളിൽ പക്ഷാഘാത ക്ലിനിക്ക്, നേത്രപടലാന്ധത നിർണ്ണയിക്കുന്നതിനായി ഡയബറ്റിക്ക് റെറ്റിനോപതി ക്ലിനിക്ക് എന്നിവ അമൃതം ആരോഗ്യത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളാണ്. |
| സി) | 2017-2018 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | സി) | 2017-18 ൽ ഈ പദ്ധതിക്കായി 1000 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ 70% ത്തിൽ ഏറെ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ചെലവഴിച്ചിട്ടുണ്ട്. 2018 മാർച്ചോടെ പൂർണ്ണമായും തുക ചെലവഴിക്കപ്പെടുമെന്ന് കണക്കാക്കപ്പെടുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

[illegible]

## DISTRICT WISE, SCHEME WISE ALLOTMENT AND EXPENDITURE OF THE PLAN AMOUNT DURING 2017-18

### STATUS ON: 24-02-2018

| Sl No | Scheme Code | Scheme Name | TVM | | | KLM | | | PTA | | | ALP | | | KTM | | | IDK | | | EKM | | | TSR | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 |
| 1 | MPS 166 | Prevention of Non Communicable Diseases | 42.2 | 12.66 | 30 | 28.16 | 3.42 | 12.14 | 38.16 | 11.5 | 30.2 | 32.16 | 10.52 | 32.71 | 25.16 | 10.47 | 41.61 | 28.16 | 4.41 | 15.66 | 48.2 | 4.22 | 8.76 | 31.16 | 7.79 | 25 |

( ഫുൾ സ്പെൻഡ് ചെയ്തു. )

ചെലവായ തുകകൾ (ഫീൽഡ്) 70%.

അനുബന്ധം

## DISTRICT WIS

| Sl No | Scheme Code | Scheme Name | PKD | | | MPM | | | KKD | | | WYD | | | KNR | | | KSKD | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % | ALLOTMENT | EXP- | % |
| 1 | 2 | 3 | 28 | 29 | 30 | 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 | 41 | 42 | 43 | 44 | 45 | 46 | 47 | 48 |
| 1 | MPS 166 | Prevention of Non Communicable Diseases | 45.16 | 10.16 | 22.5 | 34.2 | 21.11 | 61.73 | 25.2 | 6.35 | 25.2 | 28.16 | 3.15 | 11.2 | 27.16 | 12.3 | 45.1 | 28.16 | 12.15 | 43.15 | 461.4 | 130.2 | 28.22 |